**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3042** **25-06-2024 - ൽ മറുപടിയ്ക്ക്**

**പുതുപ്പള്ളി മണ്ഡലത്തിലെ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലജീവൻ മിഷന്റെ ഭാഗമായി പുതുപ്പള്ളി മണ്ഡലത്തിലെ പാമ്പാടി പഞ്ചായത്തിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി പൊളിച്ച പൊതുമരാമത്ത് റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഇതിൽ വാട്ടർ അതോറിറ്റിയുടെ ഫണ്ടുപയോഗിച്ച് പൂർവ്വസ്ഥിതിയിലാക്കാനുള്ള റോഡുകൾ ഏതൊക്കെയാണെന്നും ഇതിനായുള്ള തുക ലഭ്യമാണോയെന്നും വ്യക്തമാക്കാമോ; | (എ) | ജലജീവൻ മിഷന്റെ ഭാഗമായി പുതുപ്പള്ളി മണ്ഡലത്തിലെ പാമ്പാടി പഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ച 41.81 കി.മീ. പൊതുമരാമത്തു റോഡുകളിൽ 13.3 കി.മീ. റോഡുകൾ തിരികെ കൈ മാറിയിട്ടുണ്ട്. 20.03 കിമി പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചതിനുശേഷം പൊതുമരാമത്തു വകുപ്പ് ക്വാളിറ്റി വിംഗിന് ക്വാളിറ്റി ടെസ്റ്റ് നടത്തുവാൻ ഉള്ള അപേക്ഷ 20.04.2024 തിയതിയിൽ നൽകിട്ടുള്ളതാണ്. ബാക്കി റോഡുകളിൽ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br><br>കേരള വാട്ടർ അതോറിറ്റി ഫണ്ട് ഉപയോഗിച്ച് പൂർവ്വസ്ഥിയിൽ ആക്കുവാൻ ഉള്ള റോഡുകളുടെ ലിസ്റ്റ് അനുബന്ധം-1ആയി ചേർക്കുന്നു.<br><br>പാമ്പാടി പഞ്ചായത്തിലെ ജല ജീവൻമിഷൻ പദ്ധതികൾക്കായി 67.03 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പൊതുമരാമത്തു റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനായി 3.39 കോടി തുകയുടെ പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡുകൾ പൊതുമരാമത്ത് വിഭാഗത്തിൽ നിന്നും കൈമാറി ലഭിച്ചതിനുശേഷം നാളിതുവരെ വാട്ടർ അതോറിറ്റി ചെയ്ത പ്രവൃത്തികൾ, തീയതി സഹിതം വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത റോഡുകൾ പൊതുമരാമത്ത് വിഭാഗത്തിൽ നിന്നും കൈമാറി ലഭിച്ചതിനു ശേഷം നാളിതുവരെ വാട്ടർ അതോറിറ്റി ചെയ്ത പ്രവൃത്തികൾ, തീയതി സഹിതം അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | ഇതിൽ ഏതൊക്കെ റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കാനുണ്ടെന്നും ആയതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ? | (സി) | പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ള റോഡുകളുടെ ലിസ്റ്റ് അനുബന്ധം -3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

| നം | റോഡിന്റെ പേര് |
|---|---|
| 1 | പയ്യപ്പാടി അയർക്കുന്നം റോഡ് റീച്ച്-1 |
| 2 | പയ്യപ്പാടി അയർക്കുന്നം റോഡ് റീച്ച് -2 |
| 3 | 8th മൈൽ ഡയറ്റ് പടി മുറിയാങ്കൽ റോഡ് |
| 4 | ഗ്രാമറ്റം കുന്നേൽ പീടിക റോഡ് |
| 5 | പൊത്തെൻപുറം ദയറാ റോഡ് |
| 6 | പുളിഞ്ചുവട് മൊസ്കോ ചമ്പക്കര |
| 7 | ജെ.റ്റി.എസ് റോഡ് |
| 8 | വെള്ളൂർ അയർക്കുന്നം റോഡ് |
| 9 | വെള്ളൂർ മഞ്ഞമറ്റ റോഡ് |
| 10 | 8th മൈൽ വെന്നിമല റോഡ് |
| 11 | കെ.ജി കോളേജ് കങ്ങഴ റോഡ് |

## അനുബന്ധം - 2

| നം | റോഡിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | പയ്യപ്പാടി അയർക്കുന്നം റോഡ് റീച്ച് -1 | ടി റോഡ് വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകൾ സ്ഥാപിച്ച റോഡ് പൂർവ്വ സ്ഥിതിയിലാക്കി 24.02.2024 തിയതിയിൽ പൊതുമരാമത്തു വകുപ്പിനു കൈമാറിയിട്ടുള്ളതാണ് |
| 2 | പയ്യപ്പാടി അയർക്കുന്നം റോഡ് റീച്ച് -2 | ടി റോഡ് പൈപ്പ് ലൈനുകൾ സ്ഥാപിച്ച പുനരുദ്ധാരണ പ്രവൃത്തികൾ 02.11.2023 തീയതിയിൽ പൂർത്തിയാക്കി 20.04.2024 തിയതിയിൽ ക്വാളിറ്റി ടെസ്റ്റ് നടത്തുവാനായി പൊതുമരാമത്തു വകുപ്പിനു കത്ത് നൽകിയതാണ്. എന്നാൽ നാളിതു വരെ ക്വാളിറ്റി ടെസ്റ്റ് നടത്തിയിട്ടില്ല |
| 3 | 8th മൈൽ ഡയറ്റ് പടി മുറിയാങ്കൽ റോഡ് | ടി റോഡ് പൈപ്പ് ലൈനുകൾ സ്ഥാപിച്ച പുനരുദ്ധാരണ പ്രവർത്തികൾ 11.03.2024 തീയതിയിൽ പൂർത്തിയാക്കി 20.04.2024 തിയതിയിൽ ക്വാളിറ്റി ടെസ്റ്റ് നടത്തുവാനായി പൊതുമരാമത്തു വകുപ്പിനു കത്ത് നൽകിയതാണ്. എന്നാൽ നാളിതു വരെ ക്വാളിറ്റി ടെസ്റ്റ് നടത്തിയിട്ടില്ല |
| 4 | ഗ്രാമറ്റം കുന്നേൽ പീടിക റോഡ് | ടി റോഡിലെ റെസ്റ്റോറേഷൻ പ്രവർത്തികൾ പൂർത്തീകരിച്ച പൊതുമരാമത്തു വകുപ്പ് ക്വാളിറ്റി വിങിനു 20.04.2024 തീയതിയിൽ ക്വാളിറ്റി ടെസ്റ്റ് നടത്തണം എന്ന് ആവശ്യപ്പെട്ടു കത്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതു വരെ ടെസ്റ്റ് നടത്തിയിട്ടില്ല |
| 5 | പൊത്തെൻപുറം ദയറാ റോഡ് | ടി റോഡിലെ റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച പൊതുമരാമത്തു വകുപ്പ് ക്വാളിറ്റി വിങിനു 12.04.2024 തീയതിയിൽ ക്വാളിറ്റി ടെസ്റ്റ് നടത്തണം എന്ന് ആവശ്യപ്പെട്ടു |
| 6 | പുളിഞ്ചുവട് മൊസ്കോ ചമ്പക്കര | ടി റോഡിലെ റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച പൊതുമരാമത്തു വകുപ്പ് ക്വാളിറ്റി വിങിനു 20.04.2024 തീയതിയിൽ ക്വാളിറ്റി ടെസ്റ്റ് നടത്തണം എന്ന് ആവശ്യപ്പെട്ടു കത്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതു വരെ ടെസ്റ്റ് നടത്തിയിട്ടില്ല. |
| 7 | ജെ.റ്റി.എസ് റോഡ് | ടി റോഡിലെ റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച പൊതുമരാമത്തുവകുപ്പ് ക്വാളിറ്റി വിങ്നു 20.04.2024. തീയതിയിൽ ക്വാളിറ്റിടെസ്റ്റ് നടത്തണം എന്ന് ആവശ്യപ്പെട്ടു |

| | | |
|---|---|---|
| 8 | വെള്ളൂർ അയർക്കുന്നം റോഡ് | ടി റോഡിലെ റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു പൊതുമരാമത്തു വകുപ്പ് ക്വാളിറ്റി വിങിനു 20.04.2024 തീയതിയിൽ ക്വാളിറ്റി ടെസ്റ്റ് നടത്തണം എന്ന് ആവശ്യപ്പെട്ടു |
| 9 | വെള്ളൂർ മഞ്ഞമറ്റ റോഡ് | ടി റോഡിലെ പൈപ്പ് ലൈൻ പ്രവൃത്തികൾ 22.12.2023 തിയതിയിൽ പൂർത്തീകരിച്ചു. പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിക്കുന്നു |
| 10 | $8^{th}$ മൈൽ വെന്നിമല റോഡ് | ടി റോഡിലെ റെസ്റ്റോറേഷൻ പ്രവൃത്തികൾ 22.03.2024-ൽ പൂർത്തീകരിച്ചു പൊതുമരാമത്തു വകുപ്പ് ക്വാളിറ്റി വിങിനു 20.04.2024 തീയതിയിൽ ക്വാളിറ്റി ടെസ്റ്റ് നടത്തണം എന്ന് ആവശ്യപ്പെട്ടു. |
| 11 | കെ.ജി കോളേജ് കങ്ങഴറോഡ് | ടി റോഡിൽ 6.3 കി.മീ. പ്രവൃത്തിയിൽ 5 കി.മീ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി റീസ്റ്റോർ ചെയ്തിട്ടുള്ളതാണ്. ടി ഭാഗം പൊതുമരാമത്തു വകുപ്പ് ക്വാളിറ്റി വിങ്ങ്നു 20.04.2024 തീയതിയിൽ ക്വാളിറ്റി ടെസ്റ്റ് നടത്തണം എന്ന് ആവശ്യപ്പെട്ടു കത്ത് നൽകിയിട്ടുള്ളതാണ് . എന്നാൽ നാളിതു വരെ ടെസ്റ്റ് നടത്തിയിട്ടില്ല . ശേഷിക്കുന്ന പ്രവൃത്തികൾ മൺസൂൺ ബാൻ മാറുന്ന മുറയ്ക്ക് പൂർത്തിയാക്കി പൂർവ്വ സ്ഥിതിയിൽ ആക്കുന്നതാണ് |

<u>അനുബന്ധം - 3</u>

| നം. | റോഡിന്റെ പേര് | കാലതാമസം നേരിടുന്നതിന്റെ കാരണം |
|---|---|---|
| 1 | കെ.ജി കോളേജ് കഞ്ഞഴ റോഡ് | 26.07.2023-ൽ അപേക്ഷ സമർപ്പിച്ച വെങ്കിലും പൊതുമരാമത്ത് വകുപ്പിൽ നിന്ന് അനുമതി നാളിതുവരെ ലഭ്യമായിട്ടില്ല |
| 2 | ഇല കൊടിഞ്ഞി വട്ടകുന്ന | 23.03.2024-ൽ എഗ്രിമെന്റ് എക്സിക്യൂട്ടീവ് ചെയ്തുവെങ്കിലും പൊതുമരാമത്ത് വകുപ്പിൽ നിന്ന് അനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല |
| 3 | മഞ്ഞമാക്കൽ കുന്നേൽ പാടം | 31.03.2023-ൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും പൊതുമരാമത്ത് വകുപ്പിൽ നിന്ന് അനുമതി നാളിതുവരെ ലഭ്യമായിട്ടില്ല |
| 4 | ഷാപ്പുപടി തെമ്മല | 19.09.2023-ൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും പൊതുമരാമത്ത് വകുപ്പിൽ നിന്ന് അനുമതി നാളിതുവരെ ലഭ്യമായിട്ടില്ല |